## ശ്ലീഹാക്കാലം നാലാം ഞായർ

**ലൂക്കാ 6:27-36**

# തിന്മയെ നന്മകൊണ്ട് ജയിക്കുക

**റവ.ഫാ. ജോൺ ചൊഴിതറ**

കർത്താവിന്റെ തിരുവുത്ഥാന തിരുനാളിൽ ശ്രീലങ്കയിലുണ്ടായ ബോംബ് സ്ഫോടനങ്ങളും അതിൽ കൊല്ലപ്പെടുകയും അതികഠിനമായി പരിക്കേല്ക്കുകയും ചെയ്ത നൂറുകണക്കിനു പിഞ്ചുകുഞ്ഞുങ്ങളടക്കമുള്ള നിഷ്കളങ്കരായ ആൾക്കാർ എന്റെ മനസ്സിൽ തിങ്ങിനിറഞ്ഞു നില്ക്കുന്നു. നിരവധി ചോദ്യങ്ങൾ? ഉത്തരം കിട്ടാത്തതും കിട്ടുന്നതും... മാനുഷികമായി പ്രതികരിക്കാൻ എന്നെ പ്രലോഭിപ്പിക്കുന്ന വളരെ തിക്തമായ ഒരു സാഹചര്യം. കല്ലിനു പകരം കല്ലും പല്ലിനു പകരം പല്ലും എന്നു ചിന്തിക്കാനും പ്രവർത്തിക്കാനും പ്രേരിപ്പിക്കുന്ന സാഹചര്യം... ശ്ലീഹാക്കാലത്തിലെ നാലാം ഞായറാഴ്ചത്തെ കർത്താവിന്റെ വചനങ്ങൾ വായനകളിലൂടെ തന്റെ ചെവിയിൽ മുഴങ്ങുമ്പോൾ ഇനിയും എത്രനാൾ കർത്താവേ... എന്ന ചോദ്യവും ചിന്തയും തികട്ടിത്തികട്ടി വരുന്നു.

വിശുദ്ധ മത്തായിയുടെ സുവിശേഷത്തിലെ മലയിലെ പ്രസംഗങ്ങൾക്ക് (അധ്യായം 5, 6, 7) സമാനമായ ശൈലിയും രീതിയുമാണ് വിശുദ്ധ ലൂക്കായുടെ സുവിശേഷത്തിലെ സമതലത്തിലെ പ്രബോധനങ്ങളിൽ നിന്നുള്ള ഇന്നത്തെ സുവിശേഷഭാഗം. ഈ സുവിശേഷത്തിൽ പ്രതിപാദിക്കപ്പെടുന്നതുപോലെ ശത്രുക്കളെ സ്നേഹിക്കണമെങ്കിൽ, ദ്വേഷിക്കുന്നവർക്കു നന്മ ചെയ്യണമെങ്കിൽ, ശപിക്കുന്നവരെ അനുഗ്രഹിക്കണമെങ്കിൽ അധിക്ഷേപിക്കുന്നവർക്കുവേണ്ടി പ്രാർത്ഥിക്കണമെങ്കിൽ ചെകിടും കുപ്പായവുമൊക്കെ വീണ്ടും കാണിച്ചു കൊടുക്കണമെങ്കിൽ, കൊടുക്കാനും തിരികെ ചോദിക്കാതിരിക്കാനും സാധിക്കണമെങ്കിൽ ദൈവരാജ്യാനുഭവം നമുക്കുണ്ടാകണം. എല്ലാത്തിന്റെയും ഉടയവനും നിയന്താവും ദൈവമാണെന്നുള്ള അടിസ്ഥാനസത്യം അംഗീകരിക്കുകയും അതനുഭവിക്കുകയും ചെയ്യുന്ന ആത്മീയ ദാരിദ്ര്യം ഉണ്ടാകണം. ദൈവം ഒരുവന്റെ ജീവിതത്തെ ഭരിക്കുന്ന അനുഭവം, തനിക്കാവശ്യമുള്ളതെല്ലാം കരുതലോടെ തരുന്ന തമ്പുരാനിൽ ആശ്രയിക്കാനുള്ള സന്നദ്ധത, അവിടുത്തെ അനുസരിക്കാനുള്ള വിശ്വാസം, ഈ ദൈവാനുഭവത്തിന്റെ അഭാവത്തെയും അവിടുന്നിൽ നിന്നുള്ള അകന്നുപോകലിനെയും കുറിച്ച് ഇന്നു പഴയ നിയമത്തിൽ ഏശയ്യായുടെ പ്രവചനത്തിൽ നിന്നു നമ്മൾ വായിച്ചു കേൾക്കുന്നുണ്ട്. ദൈവമായ കർത്താവിന്റെ കല്പനകൾക്കു പ്രാമുഖ്യം കൊടുക്കാനും അനുസരിക്കാനും തയ്യാറാകുമ്പോൾ കർത്താവിന്റെ സംരക്ഷണം തങ്ങൾക്കുണ്ട് എന്ന ഉറച്ച ബോധ്യം നമുക്കു ലഭിക്കുന്നു. തന്റെ ശിഷ്യന്മാരെ തിരഞ്ഞെടുക്കുന്നതിന്റെ സുവിശേഷഭാഗത്തിനു പിന്നാലെയാണ് ഇന്നത്തെ വായനയായ സുവിശേഷഭാഗം വരുന്നത്. താൻ തിരഞ്ഞെടുത്ത തന്റെ ശിഷ്യഗണത്തോടാണ് ഈശോ ഈ ഉപദേശങ്ങൾ നല്കുന്നത്.

അഹിംസയും കരുണയും അഷ്ടാംഗ യോഗയിലെ യമ നിയമങ്ങളിലൂടെയും ശ്രീബുദ്ധന്റെ പ്രബോധനങ്ങളിലൂടെയുമൊക്കെ ഭാരതീയരായ നമുക്കു സുപരിചിതമാണ്. നമ്മുടെ രാഷ്ട്രപിതാവായ മഹാത്മാഗാന്ധി തന്റെ അഹിംസാസിദ്ധാന്തത്തിന്റെ അടിത്തറയായി ഈ സുവിശേഷഭാഗങ്ങളെ കണ്ടിട്ടുണ്ട്. എന്നാൽ ഈ ജീവിതരീതിയുടെ അടിസ്ഥാനം ദൈവരാജ്യത്തിലുള്ള അടിയുറച്ച വിശ്വാസം തന്നെയാണ്.

നിയമാവർത്തനപുസ്തകം ഒന്നാം അധ്യായത്തിൽ പ്രതിപാദിക്കുന്നതുപോലെ നീതിപൂർവം വിധിക്കാനും പക്ഷപാതം കാണിക്കാതിരിക്കാനും സാധിക്കണമെങ്കിൽ ദൈവരാജ്യ അനുഭവം ഉണ്ടാകണം. ന്യായവിധി ദൈവത്തിന്റേതായതു കാരണം മനുഷ്യരെ ഭയപ്പെടേണ്ട എന്നുള്ള സാരോപദേശം ഉള്ളിൽ കൊള്ളണമെങ്കിൽ ദൈവത്തിന്റെ ഭരണം എന്നിൽ തുടങ്ങണം. അപ്പോൾ ദൈവത്തെ ഭയപ്പെടാനും മനുഷ്യരെ മാനിക്കാനും നമുക്കു സാധിക്കും.

ഫ്രാൻസിസ് മാർപാപ്പായുടെ സമാധാനത്തിനും സഹകരണത്തിനും വേണ്ടിയുള്ള പ്രയത്നങ്ങളൊക്കെ ഇതിന്റെ പശ്ചാത്തലത്തിൽ നോക്കിക്കാണുമ്പോൾ ഒത്തിരി അർത്ഥവും വ്യാപ്തിയുമുള്ളതാണ്. മാർപാപ്പായുടെ അബുദാബി, മൊറോക്കോ സന്ദർശനങ്ങളിലെല്ലാം

കർത്താവു പഠിപ്പിച്ച ഈ സ്നേഹത്തിന്റെ പ്രഘോഷണം വളരെ ശക്തമായിത്തന്നെ നടന്നു. കഴിഞ്ഞ 4, 5 തീയതികളിൽ (ഏപ്രിൽ 2019) റോമിൽ നടന്ന സമ്മേളനം (organized by the dicastery for promoting integral human development) സമാധാനത്തിന്റെ സംസ്കാരത്തിലേക്കുള്ള അഹിംസയുടെ മാർഗം (path of nonviolence towards a culture of peace) എന്ന വിഷയത്തിന്മേലായിരുന്നു അഹിംസാമാർഗങ്ങളിലൂടെ സമാധാനം സ്ഥാപിക്കാൻ അഹോരാത്രം പണിയെടുക്കുന്ന ഫ്രാൻസിസ് മാർപാപ്പായ്ക്ക് ഈ ദൈവഭരണത്തിന്റെ അനുഭവമാണ് ഇത്തരത്തിൽ സ്നേഹിക്കാൻ പ്രാപ്തി നല്കുന്നത്.

മേന്മയുള്ള ശിഷ്യരെയാണ് ഈശോ ആഗ്രഹിക്കുന്നത്. തിരിച്ചു കിട്ടുമെന്നു കരുതി ചെയ്യുന്ന നന്മകൾക്കും കൊടുക്കുന്ന വായ്പകൾക്കും എന്തു മേന്മയാണുള്ളത്. അത്യുന്നതന്റെ പുത്രരായ നമുക്കു പിതൃസ്വഭാവം അല്പമെങ്കിലും ഉണ്ടാകണ്ടേ? നന്ദിഹീനരുടെയും ദുഷ്ടന്മാരുടെയും മേൽ കരുണ വർഷിക്കുന്ന പിതാവായ ദൈവത്തിന്റെ കരുണ നമ്മുടെ ജീവിതത്തിൽ ഉണ്ടാകണമെന്ന് അവിടുന്നു പഠിപ്പിക്കുന്നു.

അതിനാൽ ഈ ശ്ലീഹാക്കാലത്ത്, നമ്മൾ, സുവിശേഷം ജീവിക്കുകയും പ്രഘോഷിക്കുകയും ചെയ്യുന്ന സഭാസമൂഹങ്ങളെന്ന നിലയിൽ, കൊറീന്തോസുകാർക്കു പൗലോസ് ശ്ലീഹാ എഴുതിയ ഒന്നാം ലേഖനത്തിലെ ഒമ്പതാം അധ്യായം മനസ്സിരുത്തി വായിക്കേണ്ടതുണ്ട്. കർത്താവിന്റെ സുവിശേഷത്തിനു പ്രതിബന്ധമുണ്ടാക്കാതിരിക്കുക, ന്യായമായ അവകാശങ്ങൾ പോലും വേണ്ട എന്നുവയ്ക്കുന്ന, എല്ലാം സഹിക്കുന്ന, എല്ലാവരെയും നേടാനും അനശ്വരമായ കിരീടത്തിനുവേണ്ടി കഠിനാധ്വാനം ചെയ്യാനും തിരസ്കൃതരാകാതിരിക്കേണ്ടതിനു ശരീരത്തെ കർശനമായി നിയന്ത്രിക്കുകയും ചെയ്യുന്ന പൗലോസ് ശ്ലീഹായുടെ പ്രഘോഷണരീതി.

അത്യാഗ്രഹവും ആർത്തിയും കൊണ്ടു കർത്താവിന്റെ സുവിശേഷത്തിനു പ്രതിബന്ധം ഉണ്ടാക്കരുത്. അനുസരിക്കുവാൻ സന്നദ്ധനെങ്കിൽ നിനക്ക് ഐശ്വര്യം ആസ്വദിക്കാം (ഏശ 2). വിശ്വസ്തത നഗരം വേശ്യയായിത്തീരുന്ന അധഃപതനത്തിന്റെ അവസ്ഥ കർത്താവെടുത്തു മാറ്റും. അവിടുത്തെ രാജ്യം വരട്ടെ. അവിടുത്തേയ്ക്ക് അസാധ്യമായി ഒന്നുമില്ല. രക്തവർണമായതിനെ വെണ്മയുള്ളതാക്കിത്തീർക്കും – തീർച്ച... ആമ്മേൻ.